പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 307 — 09/04/2013-ൽ മറുപടിയ്ക്ക്

ഉന്നതാധികാര സമിതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കെ. നാരായണൻ<br>ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. സാജു പോൾ | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഉന്നതാധികാര സമിതികളേതെങ്കിലും നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ ; | (എ) സംസ്ഥാനത്ത് പൊതു ആവശ്യത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുമായി 15-11-2011-ലെ ജി.ഒ.(എം. എസ്) 419/11/റവ. നമ്പർ സർക്കാർ ഉത്തരവു പ്രകാരം സമഗ്രമായ ഒരു പുനരധിവാസ പാക്കേജ് സർക്കാർ അംഗീകരച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പ്രോജക്ടുകളുടെ നടപ്പാക്കൽ സാദ്ധ്യത, ആവശ്യമായ ഭൂമിയുടെ അളവ് എന്നിവയുടെ അടിസ്ഥാത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകുന്നതിലേക്കായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല സിമിതി (HLC) രൂപീകരിച്ചിട്ടുണ്ട്. ഭൂവുടമകളുമായി ചർച്ച നടത്തി വില സംബന്ധിച്ച് ധാരണയിലെത്തുന്നതിന് ജില്ലാ തല പർച്ചേസ് കമ്മിറ്റിയും (DLPC), ജില്ലാ തല പർച്ചേസ് കമ്മിറ്റി ശുപാർശ ചെയ്യുന്ന വിലകൾ പരിശോധിച്ച് അംഗീകാരം നൽകുന്നതിന് സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയും (SLEC) രൂപീകിച്ചിട്ടുണ്ട്.<br><br>ഹൈലെവൽ കമ്മിറ്റിയിൽ ചീഫ് സെക്രട്ടറി ചെയർമാനും റവന്യൂ, ബന്ധപ്പെട്ട ഭരണ വകുപ്പ് സെക്രട്ടറിമാർ ചെയർമാന് നാമനിർദ്ദേശം ചെയ്യാവുന്ന ഒരു ഉദ്യോഗസ്ഥൻ എന്നിവർ അംഗങ്ങളുമാണ്. |

ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാതല പർച്ചേസ് കമ്മിറ്റിയിൽ റവന്യൂ ഡിവിഷണൽ ഓഫീസർ, ഫൈനാൻസ് ഓഫീസർ, അർത്ഥനാധികാരി നിയമിക്കുന്ന ഓഫീസർ, ഡെപ്യൂട്ടി കളക്ടർ എന്നിവർ അംഗങ്ങളാണ്. സ്റ്റേറ്റ് ലെവൽ എംപവേർഡ് കമ്മിറ്റിയിൽ ചീഫ് സെക്രട്ടറി ചെയർമാനും, റവന്യൂ, ബന്ധപ്പെട്ട ഭരണ വകുപ്പ്, ധനകാര്യ, നിയമവകുപ്പ് സെക്രട്ടറിമാർ അംഗങ്ങളുമാണ്.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത സമിതിയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കുന്നതിനായി പുതുതായി നയരൂപീകരണം നടത്തിയിട്ടുണ്ടോ ; | (ബി) | ഭൂമി ലഭ്യമാക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും മെച്ചപ്പെട്ട നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുമാണ് സർക്കാർ പുനരധിവാസ നയത്തിന് രൂപം നൽകിയത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരോ പദ്ധതിക്കും ആവശ്യമായ ഭൂമിയുടെ അളവ്, ഭൂവുടമയ്ക്കുള്ള നഷ്ടപരിഹാരം എന്നിവ നിശ്ചയിക്കുന്നതിനാണ് പ്രസ്തുത കമ്മിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. ഈ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി ഭൂമി ഏറ്റെടുക്കുന്നതിന് അനുവാദം നൽകുകയും വില നിശ്ചയിച്ച് നൽകുകയും ചെയ്തുവരുന്നു. |
| (സി) | ഇതിനായി നെൽവയൽ നീർത്തട സംരക്ഷണ നിയമത്തിൽ മാറ്റങ്ങൾ വരുത്താൻ ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കാമോ ? | (സി) | ഉദ്ദേശ്യമില്ല. |

സെക്ഷൻ ഓഫീസർ.